പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 706      28/02/2018 ൽ മറുപടിക്ക്

## കന്നുകാലി പരിപാലനം

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്:

മറുപടി

**അഡ്വ .കെ.രാജു**
**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).**

| | | | |
|---|---|---|---|
| എ) | 2017-18 ലെ ബജറ്റുപ്രകാരം കന്നുകാലി പരിപാലനത്തിനായി അൻപത്തിനാല് കോടി രൂപ അനുവദിച്ചതിന്റെ ഭാഗമായി സ്വീകരിച്ച തുടർനടപടികളുടെ വിശദവിവരം നൽകുമോ; | എ) | 2017-18ൽ 53 കോടി 80 ലക്ഷം രൂപ അനുവദിച്ചതിൽ 14 കോടി 92 ലക്ഷം രൂപ കാഫ് അഡോപ്ഷൻ പ്രോഗ്രാം എന്ന പദ്ധതിക്കും 38 കോടി 88 ലക്ഷം രൂപ ഗോവർദ്ധിനി എന്ന പദ്ധതിക്കുമായി ചെലവാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ കാഫ് അഡോപ്ഷൻ പ്രോഗ്രാം പദ്ധതിയിൻപ്രകാരം 20622 കന്നുകുട്ടികളെ പദ്ധതിയിൽ ചേർക്കുവാൻ ലക്ഷ്യമിട്ടിരുന്നതിൽ ഇതിനോടകം 13205 കന്നുകുട്ടികളെ വരി ചേർത്തിട്ടുണ്ട്. ഗോവർദ്ധിനി പദ്ധതിയിൽ 14448 കന്നുകുട്ടികളെ വരിചേർക്കാൻ പദ്ധതിയിട്ടിരുന്നതിൽ 14448 കന്നുകുട്ടികളെയും വരി ചേർത്തിട്ടുണ്ട്. പ്രസ്തുത കന്നുകുട്ടികൾക്ക് പദ്ധതി വിഭാവനം ചെയ്യുന്ന തരത്തിലുള്ള പോഷകാഹാരവും മറ്റ് സംരക്ഷണവും നൽകി വരുന്നു. |
| ബി) | ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതിക്കായി ഡി.പി.ആർ തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | ബി) | സംസ്ഥാന തലത്തിൽ ഡി.പി.ആർ തയ്യാറാക്കി അനുമതി വാങ്ങിയിട്ടുണ്ട്. |
| സി) | കോങ്ങാട് മണ്ഡലത്തെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | സി) | 2017-18 സാമ്പത്തിക വർഷത്തിൽ കോങ്ങാട് മണ്ഡലത്തെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാഫ് അഡോപ്ഷൻ പ്രോഗ്രാം പദ്ധതി പഞ്ചായത്തുകളുടെ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. ഓരോ പഞ്ചായത്തിൽ നിന്നും ജനകീയാസൂത്രണ പദ്ധതി പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള തുക നൽകിയിട്ടുണ്ട്. ഇപ്രകാരം കോങ്ങാട് മണ്ഡലത്തിൽ കാഫ് അഡോപ്ഷൻ പ്രോഗ്രാം 2017-18 പദ്ധതിയിൽ 208 കന്നുകുട്ടികളെ വരി ചേർത്തിട്ടുണ്ട്. കോങ്ങാട് മണ്ഡലത്തിൽ ഗോവർദ്ധിനി പദ്ധതി പ്രകാരം 116 |

| | | | |
|---|---|---|---|
| | | | കന്നുകുട്ടികളെ വരി ചേർത്തിട്ടുണ്ട്. ഗോവർദ്ധിനി പദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കന്നുകാലികളുടെ എണ്ണത്തിന് ആനുപാതികമായി അനുവദിച്ചിട്ടുണ്ട്. |
| ഡി) | ഏതെല്ലാം മണ്ഡലങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ? | ഡി) | സംസ്ഥാനമൊട്ടാകെയുള്ള എല്ലാ മണ്ഡലങ്ങളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻഓഫീസർ